# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2442** **08.03.2017- ൽ മറുപടിക്ക്**

## സൗജന്യ സ്കൂൾ യൂണിഫോം

| ചോദ്യം<br>ശ്രീ.ഒ.രാജഗോപാൽ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്കൂൾ യൂണിഫോം പദ്ധതി വ്യവസായ വകുപ്പിൽ ഏത് ഏജൻസികളാണ് നടപ്പാക്കുന്നത്; ഒരു മീറ്റർ തുണിയുടെ നിർമ്മാണ ചെലവ് എത്ര ; യൂണിഫോം തുണി എത്ര കുട്ടികൾക്കാണ് കൊടുക്കുന്നത്; | (എ) കൈത്തറി വസ്ത്ര ഡയറക്ടേറ്റും ജില്ലാ വ്യവസായ കേന്ദ്രങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പും സംയുക്തമായിട്ടാണ് സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത്. 44 ഇഞ്ച്, 58 ഇഞ്ച് എന്നീ വീതിയിലുള്ള തുണിയാണ് ഉൽപാദിപ്പിക്കുന്നത്. 44 ഇഞ്ച് തുണി ഷർട്ടിംഗ്, സ്യൂട്ടിംഗ് എന്നിവക്കും 58 ഇഞ്ച് തുണി പാന്റിനും വേണ്ടിയുമാണ്. 44 ഇഞ്ച് വീതിയുള്ള ഒരു മീറ്റർ തുണിയുടെ ഉൽപാദന ചെലവ് 215.55 രൂപയും 58 ഇഞ്ച് വീതിയുള്ള സ്യൂട്ടിംഗ് തുണിയുടെ ഒരു മീറ്റർ ഉൽപാദന ചെലവ് 316.93 രൂപയുമാണ്. 2017 അദ്ധ്യയന വർഷം ഒന്നു മുതൽ 4 വരെയും ഒന്നു മുതൽ അഞ്ച് വരെയും കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ ഏകദേശം 2.2 ലക്ഷം കുട്ടികൾക്കാണ് സൗജന്യ യൂണിഫോമായി കൈത്തറി വസ്ത്രം നൽകുന്നത്. |
| (ബി) എത്ര കൈത്തറി തൊഴിലാളികൾ യൂണിഫോം തുണി നെയ്യുന്നു; സ്വകാര്യ നെയ്ത്തുകാർ എത്ര പേർ; ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ എത്ര പേർ നെയ്യുന്നു; പ്രാഥമിക കൈത്തറി സംഘങ്ങളിൽ എത്ര പേർ നെയ്യുന്നു; സന്നദ്ധ സംഘടനകളുടെ കീഴിൽ എത്ര പേർ ജോലി ചെയ്യുന്നു; | (ബി) സംസ്ഥാനത്തെ രജിസ്റ്റർ ചെയ്യപ്പെട്ട പ്രാഥമിക കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘങ്ങളിലെയും, ഹാൻവീവ്, തിരുവനന്തപുരം ജില്ലയിൽ മഞ്ചവിളാകത്ത് പ്രവർത്തിക്കുന്ന ഇക്കോടെക്സ് എന്ന കൺസോർഷ്യത്തിലേയും കൂടി ആകെ 2404 നെയ്ത്തുകാരാണ് ഈ പദ്ധതിയിൽ ചേർന്നിട്ടുള്ളത്. സ്വകാര്യ നെയ്ത്തുകാർ ഇതു വരെ പദ്ധതിയിൽ ചേർന്നിട്ടില്ല. |

| | |
|---|---|
| (സി) നൂൽ നിർമ്മിക്കുന്നത് കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ ആണോ; ഇപ്പോൾ നെയ്തുവരുന്ന നൂൽ എവിടെ ആണ് നിർമ്മിക്കുന്നത്; | (സി) സ്കൂൾ യൂണിഫോമിനാവശ്യമായ നൂൽ വിതരണം ചെയ്യുന്നത് കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ദേശീയ കൈത്തറി വികസന കോർപ്പറേഷന്റെ കണ്ണൂർ മേഖലാ ഓഫീസ് മുഖേനയാണ്. കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾ ഈ പദ്ധതിക്കു വേണ്ടി നാഷണൽ ഹാന്റ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷന് നൂൽ നൽകുന്നുണ്ട്. |
| (ഡി) നിറം പിടിപ്പിക്കുന്നത് കേരളത്തിലെ ഡൈ ഹൗസുകളിലാണോ; മറ്റു സംസ്ഥാനങ്ങളിലെങ്കിൽ ഏത് സ്ഥാപനത്തിൽ ആണ് നിറം പിടിപ്പിക്കുന്നത്; | (ഡി) സ്കൂൾ യൂണിഫോം തുണി നിറം പിടിപ്പിക്കുന്നത് തമിഴ്നാട് സർക്കാരിന്റെ ഉടമസ്ഥതയിൽ ഈറോഡിൽ പ്രവർത്തിക്കുന്ന തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിലാണ്. |
| (ഇ) യൂണിഫോം തുണി നെയ്യാൻ കോട്ടൺ ആണോ അതോ പോളിസ്റ്റർ ആണോ ഉപയോഗിക്കുന്നത്; നിറം പിടിപ്പിക്കുന്നതിന് കേരളത്തിലെ ഡൈ ഹൗസുകളിൽ സൗകര്യക്കുറവുണ്ടോ; എന്തുകൊണ്ടാണ് കേരളത്തിൽ നിറം പിടിപ്പിക്കാതെയും തുന്നാതെയും മറ്റ് സംസ്ഥാനങ്ങളിൽ കൊടുക്കുന്നത്, വ്യക്തമാക്കാമോ? | (ഇ) സ്കൂൾ യൂണിഫോം തുണി നെയ്യുന്നതിന് 67:33 അനുപാതത്തിൽ പോളിസ്റ്റർ-കോട്ടൺ മിശ്രിതത്തിലുള്ള നൂലാണ് ഉപയോഗിക്കുന്നത്. നിറം പിടിപ്പിക്കുന്നതിന് കേരളത്തിലെ പ്രാഥമിക സംഘങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന ഡൈ ഹൗസുകളിൽ വലിയ തോതിൽ തുണി കളർ ചെയ്യുന്നതിനുള്ള സൗകര്യക്കുറവുണ്ട്. ഹാന്റക്സിന്റേയും, ഹാൻവീവിന്റേയും അധീനതയിലുള്ള ഡൈഹൗസുകളിൽ ഇത്രയും തുണി കൈകാര്യം ചെയ്യുന്നതിന് ഇപ്പോൾ പരിമിതികളുണ്ട്. തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിൽ പ്രതിമാസം 18 ലക്ഷം മീറ്റർ തുണി വരെ ഡൈ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. സമയബന്ധിതമായി തുണി വിതരണം പൂർത്തിയാക്കേണ്ടതിനാലും കൂടുതൽ അളവിൽ വിവിധ തരം കളറുകളിൽ ചായം മുക്കേണ്ടതിനാലുമാണ് തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മില്ലിനെ ആശ്രയിക്കേണ്ടി വന്നത്. |

സെക്ഷൻ ഓഫീസർ